**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലെയിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലെയിറ്റ് നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; ഇത് നടപ്പിലാക്കുകയാണെങ്കിൽ ഇതിനുള്ള കേന്ദ്രം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; | (എ) | പുതുതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങളിലും ഹൈ സെക്യൂരിറ്റി നമ്പർ പ്ലെയിറ്റ് ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാഹനം രജിസ്റ്റർ ചെയ്ത് നമ്പർ അനുവദിച്ച കഴിഞ്ഞാലുടൻ തന്നെ പ്രസ്തുത നമ്പർ പ്ലെയിറ്റുകൾ ഘടിപ്പിച്ച് വാഹനിൽ upload ചെയ്ത ശേഷം മാത്രമേ ഷോറൂമുകളിൽ നിന്നും വാഹനം ഉടമകൾക്ക് വിട്ടുകൊടുക്കാൻ പാടുള്ളു എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള വാഹനങ്ങളിൽ ഹൈ സെക്യൂരിറ്റി നമ്പർ പ്ലെയിറ്റ് ഘടിപ്പിക്കുന്നതിനുള്ള ഏജൻസികളെ പ്രഖ്യാപിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വാഹനങ്ങൾക്ക് ഭാരത് സീരീസ് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ? | (ബി) | കേരളത്തിൽ ‘BH’ സീരീസ് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ